കെ.സി ജലീൽ പുളിക്കൽ

# ഖുർആനിനെ നെഞ്ചേറ്റുക

عَنْ عُبَيْدَةَ الْمُلَيكِي وَكَانَتْ لَهُ صُحْبَةٌ قَالَ : قَالَ رَسُولُ اللهِ صلّى الله عليه وسلّم : يَا أَهْلَ الْقُرْآن ! لاَ تَتَوَسَّدُوا الْقُرْآنَ، وَاتْلُوهُ حَقَّ تِلاَوَتِهِ مِنْ آنَاءِ اللَّيْلِ والنَّهَارِ، وَأَفْشُوهُ وتَغَنُّوهُ، وتَدَبَّرُوا مَا فِيهِ لَعَلَّكُمْ تُفْلِحُونَ، وَلاَ تَعْجَلُوا ثَوَابَهُ، فَإِنَّ لَهُ ثَوَابًا (رَوَاهُ الْبَيْهَقِي فِي شُعْبِ الإِيمَانِ).

**ഉബൈദത്തുൽ മലീകി(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു: ''ഖുർആനിന്റെ അനുയായികളേ, നിങ്ങൾ ഖുർആനിനെ തലയണയാക്കരുത്. രാവും പകലും അത് വായിക്കേണ്ടവിധം വായിക്കുക. നിങ്ങൾ അത് പ്രചരിപ്പിക്കുകയും ഭംഗിയായി പാരായണം ചെയ്യുകയും വേണം. അതിലടങ്ങിയ കാര്യങ്ങളിൽ ചിന്തിക്കുക. എങ്കിൽ വിജയികളായേക്കും. അത് മുഖേന ഭൗതിക ഫലങ്ങളാഗ്രഹിക്കരുത്. എന്നാലതിന് മഹത്തായ പ്രതിഫലമുണ്ട് താനും'' (ബൈഹഖി 'ശുഅ്ബുൽ ഈമാനി'ൽ ഉദ്ധരിച്ചത്).**

ഗൗരവമുള്ള താക്കീതും ഉപദേശവും അടങ്ങിയിട്ടുണ്ട് ഈ നബിവചനത്തിൽ. അന്ത്യപ്രവാചകൻ തന്റെ സമുദായത്തെ 'ഖുർആന്റെ അനുയായികളേ' എന്ന് പ്രത്യേകമായി അഭിസംബോധന ചെയ്യുന്നതിന് കാരണമുണ്ട്. അല്ലാഹുവിന്റെ വചനമാണ് ഖുർആൻ. അതിനോടുള്ള അവഗണന അതീവ ഗുരുതരമാണ്. അക്കാര്യമുണർത്താനാണ് ഈ അഭിസംബോധന. തന്റെ ഗ്രന്ഥത്തോടുള്ള മനുഷ്യന്റെ അവഗണന അല്ലാഹു എത്രമാത്രം ഗൗരവത്തിലാണ് കാണുന്നത്! അതുകൊണ്ടാണ് 'ഖുർആന്റെ വാഹകരേ, നിങ്ങൾ ഖുർആനിനെ തലയണയാക്കരുത്' എന്ന് അല്ലാഹുവിന്റെ ദൂതൻ താക്കീത് നൽകുന്നത്.

അല്ലാഹു വിശുദ്ധ ഖുർആന് നൽകിയ സ്ഥാനം എത്ര മഹത്തരമാണ്! 'വിശുദ്ധ മലക്കുകളല്ലാതെ മറ്റാരും സ്പർശിക്കാത്ത സുരക്ഷിത ഫലകത്തിലാക്കി' സാക്ഷാൽ റൂഹുൽ അമീൻ ജിബ്‌രീൽ നേരിട്ട് 'അൽഅമീനായ' മുഹമ്മദ് നബിക്ക് ആയിരം രാവിനേക്കാൾ മഹത്തായ ലൈലത്തുൽ ഖദ്‌റിൽ അവതരിപ്പിച്ചു തുടങ്ങിയ ഗ്രന്ഥം. തുടർന്നങ്ങോട്ട് ജിബ്‌രീൽ ഘട്ടം ഘട്ടമായി അത് പ്രവാചകന് എത്തിച്ചുകൊണ്ടിരുന്നു. ഖുർആൻ ലോകാന്ത്യം വരെ സുരക്ഷിതമായി സംരക്ഷിക്കുമെന്ന് അല്ലാഹു പ്രഖ്യാപിച്ചു. ഖുർആന്ന് അല്ലാഹു നൽകിയ സ്ഥാനവും പദവിയും പരിഗണയുമാണിതെല്ലാം.

മാത്രവുമല്ല, ഒരു താത്ത്വിക ഗ്രന്ഥം എന്നതിനപ്പുറം ഖുർആൻ സമ്പൂർണമായി പ്രയോഗത്തിൽ വരുത്താനും അല്ലാഹു ഏർപാട് ചെയ്തു. ഘട്ടം ഘട്ടമായി അവതരിപ്പിച്ചത് അതുകൊണ്ടാണ്. എങ്ങനെ നടപ്പാക്കണം എന്ന് അപ്പപ്പോൾ അല്ലാഹു പ്രവാചകനെ അറിയിച്ചുകൊണ്ടിരുന്നു. അങ്ങനെ ഖുർആൻ അവതരിച്ചു കഴിഞ്ഞപ്പോഴേക്കും അത് ഭൂമിയിൽ പൂർണമായും പ്രയോഗവത്കരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. വ്യക്തിതലം മുതൽ രാഷ്ട്രീയ-സാമ്പത്തിക -സാമൂഹിക മേഖലകളെയെല്ലാം ഉൾക്കൊണ്ട സമ്പൂർണ ജീവിത വ്യവസ്ഥ.

ഇത്ര മഹത്തരമായിട്ടും അനുയായികളായ മുസ്‌ലിംകൾ ഖുർആൻ തലയണയാക്കി കെട്ടിപ്പൂട്ടി വെക്കുകയാണോ? എന്നാൽ പ്രവാചകന്റെ താക്കീത് അവഗണിച്ച് പിൽക്കാല മുസ്‌ലിംകൾ ഈയൊരുവസ്ഥയിൽ എത്തിപ്പെട്ടു. അമ്പത് അറുപത് വർഷങ്ങൾക്ക് മുമ്പുള്ള മുസ്‌ലിം സമൂഹത്തിന്റെ അവസ്ഥ ഓർത്തെടുത്താൽ ഖുർആനെ

ഖുർആൻ പഠിക്കുക, പഠിപ്പിക്കുക, അതിന്റെ പ്രചാരകരാവുക, അങ്ങനെ ഇരുളടഞ്ഞ ലോകത്തിന് ഖുർആനിക പ്രകാശത്തിലൂടെ രക്ഷാ മാർഗം കാണിച്ചുകൊടുക്കുക. ഇതിനേക്കാൾ വലിയ മറ്റെന്ത് ദൗത്യമാണ് ഒരു വിശ്വാസിക്ക് നിർവഹിക്കാനുള്ളത്!

കെട്ടിപ്പൂട്ടി വെക്കുന്ന, ജീവിതവുമായി അതിനെ ബന്ധപ്പെടുത്താത്ത ചിത്രം തെളിഞ്ഞുവരും. ഖുര്‍ആനോടുള്ള ആദരവിന്റെ പേരിലായിരുന്നുവത്രെ ഇത് എന്നതാണ് വിചിത്രം. ശീല കൊണ്ട് തുന്നിയുണ്ടാക്കിയ ഉറയില്‍ ഭദ്രമായി കെട്ടിവെക്കുന്ന 'മുസ്ഹഫ്' നോമ്പ് കാലത്തോ മറ്റു അപൂര്‍വ സന്ദര്‍ഭങ്ങളിലോ മാത്രമേ സാധാരണക്കാര്‍ പുറത്തെടുക്കാറുണ്ടായിരുന്നുള്ളൂ. ഓതുക എന്നല്ലാതെ, അര്‍ഥമോ ആശയമോ ഗ്രഹിക്കണമെന്ന ചിന്തയേ അന്നുണ്ടായിരുന്നില്ല. ഖുര്‍ആന്റെ അനുയായികള്‍ ഒരിക്കലും ഈ ദുരന്തത്തിലകപ്പെട്ടു കൂടാ. അതിനെന്തു വേണം? അതാണ് ഈ ഹദീസില്‍ വ്യക്തമാക്കിയിരിക്കുന്നത്.

രാപ്പകല്‍ ഭേദമന്യേ ഖുര്‍ആന്‍ നിരന്തരം വായിക്കണം, യഥാര്‍ഥ വായന. ഇതാണ് പ്രവാചകന്റെ ഒന്നാമത്തെ നിര്‍ദേശം. എപ്പോഴെങ്കിലും മറിച്ചു നോക്കിയാല്‍ പോരാ. ജീവിതത്തിന്റെ നാനാ മേഖലകളെയും ഖുര്‍ആനുമായി ബന്ധപ്പെടുത്തുകയും ഓരോ പ്രശ്നത്തിലും ഖുര്‍ആന്റെ നിര്‍ദേശം എന്ത് എന്ന് അന്വേഷിക്കുകയും വേണം.

വായിക്കേണ്ട വിധം വായിക്കുന്നത് എങ്ങനെയാണ്? തെറ്റായ വായന തെറ്റായ വഴിയില്‍ നമ്മെ കൊണ്ടെത്തിക്കും. അക്കാര്യം ഖുര്‍ആന്‍ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ''ഇത് മുഖേന ധാരാളം ആള്‍ക്കാരെ സന്മാര്‍ഗത്തിലാക്കും, ധാരാളം ആള്‍ക്കാരെ ദുര്‍മാര്‍ഗത്തിലുമാക്കും'' (2:26). എല്ലാവിധ മുന്‍ധാരണകളും മാറ്റിവെച്ച്, ഖുര്‍ആന്‍ കല്‍പിക്കുന്നതെന്തോ അത് അങ്ങനെത്തന്നെ അംഗീകരിക്കും എന്ന് തീരുമാനിച്ചിട്ടേ ഖുര്‍ആന്‍ വായിച്ചു പഠിക്കാവൂ. അപ്പോള്‍ മാത്രമേ യഥാര്‍ഥ വായന ആകൂ. സ്വന്തം ആശയങ്ങള്‍ക്കൊപ്പിച്ച് ഖുര്‍ആനിനെ വ്യാഖ്യാനിക്കുന്ന വായനാ രീതി അപകടകരമാണ്. ''അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യം തീരുമാനിച്ചാല്‍ പിന്നെ വിശ്വാസിക്കോ വിശ്വാസിനിക്കോ സ്വാഭിപ്രായം തെരഞ്ഞെടുക്കാന്‍ അധികാരമേയില്ല'' എന്ന് ഖുര്‍ആന്‍ (*അഹ്സാബ്* 36) പ്രസ്താവിച്ചിരിക്കെ, പിന്നെങ്ങനെയാണ് വ്യക്തികളും ഗ്രൂപ്പുകളും അവര്‍ക്കനുകൂലമായി ഖുര്‍ആന്‍ വ്യാഖ്യാനിക്കുക?

**ഖുര്‍ആന്‍ വായിച്ചാല്‍ നേര്‍ക്കുനേരെ ആശയം കിട്ടുംവിധം പഠിക്കാന്‍ ഇന്ന് മിക്കവര്‍ക്കും സാധിക്കും. എന്നിട്ട് അര്‍ഥം ചിന്തിച്ച് നിരന്തരം ഓതുകയും ആവശ്യം വരുമ്പോള്‍ സംശയ നിവാരണം വരുത്തുകയും ജീവിതം ഖുര്‍ആനിനൊപ്പിച്ചു ക്രമീകരിക്കുകയും ചെയ്യുകയാണ് ശരിയായ രീതി.**

ഖുര്‍ആന്‍ വായിച്ചാല്‍ നേര്‍ക്കുനേരെ ആശയം കിട്ടുംവിധം പഠിക്കാന്‍ ഇന്ന് മിക്കവര്‍ക്കും സാധിക്കും. എന്നിട്ട് അര്‍ഥം ചിന്തിച്ച് നിരന്തരം ഓതുകയും ആവശ്യം വരുമ്പോള്‍ സംശയ നിവാരണം വരുത്തുകയും ജീവിതം ഖുര്‍ആനിനൊപ്പിച്ചു ക്രമീകരിക്കുകയും ചെയ്യുകയാണ് ശരിയായ രീതി. ഇതവഗണിച്ചാല്‍ ഇഹ-പര ദുരന്തം (സൂറഃ *ത്വാഹാ* 124-126) തന്നെയായിരിക്കും. ''നിങ്ങള്‍ ഖുര്‍ആന്‍ പ്രചരിപ്പിക്കുകയും ഭംഗിയായി പാരായണം ചെയ്യുകയും വേണം.'' ഇതാണ് നബി(സ)യുടെ അടുത്ത നിര്‍ദേശം.

മനുഷ്യര്‍ക്കാകമാനം മാര്‍ഗദര്‍ശനമായി അല്ലാഹു ഇറക്കിയ വിശുദ്ധ ഖുര്‍ആന്‍ എല്ലാ ദേശക്കാര്‍ക്കും ഭാഷക്കാര്‍ക്കും ലളിതമായി പഠിക്കാന്‍ ഖുര്‍ആനിന്റെ അനുയായികള്‍ ദേശീയ-പ്രദേശിക തലങ്ങളില്‍ വിപുലമായ സംവിധാനങ്ങള്‍ ഒരുക്കണം. നവീന സാങ്കേതിക വിദ്യകള്‍ അതിനു വേണ്ടി ഉപയോഗപ്പെടുത്താം. ഖുര്‍ആനിന്റെ വശ്യതയും മനോഹാരിതയും അനുഭവിച്ചറിയാന്‍ എല്ലാവര്‍ക്കും സാധ്യമാകുംവിധം ഖുര്‍ആന്‍ പഠന സംരംഭങ്ങള്‍ വികസിപ്പിക്കപ്പെടേണ്ടതുണ്ട്. 'ഖുര്‍ആനിലടങ്ങിയ കാര്യങ്ങള്‍ ചിന്തിക്കുക' എന്നത് പ്രധാനമാണ്. ഖുര്‍ആന്‍ ആവര്‍ത്തിച്ചാവശ്യപ്പെട്ട കാര്യവുമാണിത്.

ഖുര്‍ആനിന്റെ ആദ്യകാല അനുയായികളുടെ ചിന്തയില്‍നിന്നാണല്ലോ ഗവേഷണത്തിന്റെയും അന്വേഷണത്തിന്റെയും വലിയൊരു ജ്ഞാന പ്രപഞ്ചം ജന്മം കൊണ്ടത്. വാനശാസ്ത്രം മുതല്‍ വൈദ്യശാസ്ത്രം വരെ വിവിധ ശാസ്ത്ര ശാഖകളുടെ വളര്‍ച്ചക്ക് മധ്യകാല മുസ്‌ലിം സമൂഹം നല്‍കിയ സംഭാവനകള്‍ വളരെ മഹത്തരമാണ്. എത്രത്തോളം ചിന്തിക്കുന്നുവോ അതിനനുസരിച്ചാണ് ഖുര്‍ആനില്‍നിന്ന് പ്രയോജനം ലഭിക്കുക. സാദാ ചിന്തയില്‍നിന്ന് അതിനനുസരിച്ച റിസള്‍ട്ടേ ഉണ്ടാകൂ. ആഴത്തിലേക്കിറങ്ങുന്നതിനനുസരിച്ച് ആ മഹാ സാഗരത്തില്‍നിന്ന് കൂടുതല്‍ മുത്തുകള്‍ ശേഖരിക്കാം.

ഖുര്‍ആന്‍ മുഖേന ഭൗതിക നേട്ടമോ വ്യക്തിതാല്‍പര്യങ്ങളോ ആഗ്രഹിക്കരുതെന്നും നിസ്വാര്‍ഥമായി, നിഷ്കളങ്കമായി പാരത്രിക നേട്ടം മാത്രം ലക്ഷ്യം വെച്ച് ഖുര്‍ആന്റെ സേവകരാകണമെന്നുമാണ് ഈ നബിവചനത്തിന്റെ അവസാന ഭാഗത്ത് ആഹ്വാനം ചെയ്യുന്നത്. ഖുര്‍ആന്‍ പഠിക്കുക, പഠിപ്പിക്കുക, അതിന്റെ പ്രചാരകരാവുക, അങ്ങനെ ഇരുളടഞ്ഞ ലോകത്തിന് ഖുര്‍ആനിക പ്രകാശത്തിലൂടെ രക്ഷാ മാര്‍ഗം കാണിച്ചുകൊടുക്കുക. ഇതിനേക്കാള്‍ വലിയ മറ്റെന്ത് ദൗത്യമാണ് ഒരു വിശ്വാസിക്ക് നിര്‍വഹിക്കാനുള്ളത്!

'നിങ്ങള്‍ വിജയം വരിച്ചേക്കാം' എന്നത് ഖുര്‍ആനിന്റെ വക്താക്കളെ ആവേശഭരിതരാക്കുന്ന ശുഭവാര്‍ത്ത കൂടിയാണ്. പാരത്രിക വിജയം മാത്രമല്ല, ഖുര്‍ആനികാടിസ്ഥാനത്തിലുള്ള ക്ഷേമൈശ്വര്യപൂര്‍ണമായ ഒരു ലോകത്തിന്റെ നിര്‍മിതിക്ക് നിങ്ങളുടെ അധ്വാനവും സമര്‍പ്പണവും വഴിയൊരുക്കുമെന്ന ശുഭസൂചനയും അതിലടങ്ങിയിട്ടുണ്ട്. ●